**വിവരാവകാശം / മറുപടി**

നമ്പർ: G2-753/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 31.1.2019

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ആർഷാ മരിയാ റ്റോം
മാന്തടത്തിൽ
കൊച്ചുതോവാള (പി.ഒ)
നിരപ്പേൽക്കട, ഇടുക്കി -685514.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 15.1.19ലെ താങ്കളുടെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരം താങ്കൾ ആവശ്യപ്പെട്ട മറുപടി ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ എത്ര ശതമാനം വൃദ്ധരാണ് ദുരുപയോഗിക്കപ്പെടുന്നതിനെ സംബന്ധിച്ചു വിശദാംശങ്ങൾ ഈ കാര്യാലയത്തിൽ ശേഖരിച്ചിട്ടില്ലാത്തതാണ്.
2. 2018-ൽ വയോജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

   - വയോജനക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചിട്ടുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ 'സായംപ്രഭ' ഹോമുകളാക്കി മാറ്റുന്നതിന് 2017-18 സാമ്പത്തി വർഷത്തിൽ 1,96,00,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.
   - വയോജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ വയോജന കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. BPL വിഭാഗത്തിലുള്ള മുതിർന്ന പൗരൻമാർക്ക് ആവശ്യ സഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വീൽ ചെയർ, വാക്കിംഗ് സ്റ്റിക്ക്, കണ്ണടകൾ എന്നിവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ "വയോശ്രീ യോജന" സംസ്ഥാനത്തെ 9 ജില്ലകളിൽ നടപ്പിലാക്കി വരുന്നു.
   - വയോജനങ്ങൾക്ക് സൗജന്യമായി ദന്തനിര വയ്ക്കുന്ന പദ്ധതിയായ മന്ദഹാസം പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്.
   - BPL വിഭാഗത്തിലുള്ള മുതിർന്ന പൗരൻമാർക്കായി ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്ന വയോമധുരം പദ്ധതി.

*db@18*

- സംസ്ഥാനത്തെ 16 ഗവ.വൃദ്ധസദനങ്ങളിലും താമസിക്കുന്ന വയോജനങ്ങളുടെ മാനസിക ശാരീരികാരോഗ്യത്തിനായി മ്യൂസിക് തെറാപ്പി, യോഗാ തെറാപ്പി, എന്നിവ നടത്തുന്നു. കൂടാതെ വയോ അമൃതം, വയോമിത്രം എന്നീ ആരോഗ്യസംരക്ഷണ പദ്ധതികളുടെ സേവനവും നൽകുന്നുണ്ട്.
- തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ, പൂവ്വച്ചൽ, വെമ്പായം പഞ്ചായത്തുകളും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, കരിമ്പ, പെരുവെമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളും വയോജന സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3. ഇടുക്കി ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന്റെ ചുമതലയിൽ ഒരു വൃദ്ധവികലാംഗ സദനം പ്രവർത്തിക്കുന്നു. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടി 30 സ്വകാര്യ വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

4. കഴിഞ്ഞ 10 വർഷത്തിനിടയിൽ പ്രവർത്തനമാരംഭിച്ച ഗവ.വൃദ്ധസദനമാണ് എറണാകുളം എടവനക്കാട് ഡിമെൻഷ്യ കെയർ സെന്റർ. കഴിഞ്ഞ 10 വർഷത്തിനിടയിൽ ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്റ്റർ ചെയ്ത വൃദ്ധസദനങ്ങളുടെ വിശദാംശങ്ങൾ താങ്കൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡിൽ നിന്നും താങ്കൾക്ക് നേരിട്ട് ലഭിക്കുന്നതാണ്.

5. 2018ൽ എത്ര വൃദ്ധരാണ് സർക്കാർ ഇതര വൃദ്ധസദനങ്ങളിൽ സംരക്ഷണത്തിനായി എത്തിയതെന്ന വിശദാംശങ്ങൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി ചോദ്യത്തിനുള്ള മറുപടി താങ്കൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡിൽ നിന്നും നേരിട്ട് ലഭിക്കുന്നതാണ്. നിലവിലുള്ള 16 വൃദ്ധസദനങ്ങളിലായി 834 പേർ പേർ താമസിക്കുന്നുണ്ട്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തികരമല്ലെങ്കിൽ മറുപടി കിട്ടി 30 ദിവസത്തിനകം സാമൂഹ്യനീതി വകുപ്പ് അപ്പീൽ അധികാരിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ശ്രീമതി. കെ.ഗീത
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
അപ്പീൽ അധികാരി, സാമൂഹ്യനീതി വകുപ്പ്
വികാസ്ഭവൻ 5th ഫ്ളോർ, തിരുവനന്തപുരം.

വിശ്വസ്തതയോടെ,

SUBASH

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

പകർപ്പ്:-

1. മെമ്പർ സെക്രട്ടറി
ഓർഫനേജ് കൺട്രോൾ ബോർഡ്, തിരുവനന്തപുരം.
(വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ട ചോദ്യങ്ങൾ
4, 5 എന്നിവക്കുള്ള മറുപടി അപേക്ഷകന് നേരിട്ട് ലഭ്യമാക്കേണ്ടതാണ്)
അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)